# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2715 | 09/03/2017-ലെ മറുപടിയ്ക്ക്.

**പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം<br>ശ്രീ. ബി. സത്യൻ | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുണ്ടോ; വാടകക്കെട്ടിടത്തിലും, സ്വന്തം കെട്ടിടത്തിലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ മെയിന്റനൻസ് സമയബന്ധിതമായി നടക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമുള്ള ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്<br><br>പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിലവിലില്ല. വാടക കെട്ടിടങ്ങളിലും സ്വന്തം കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ അറ്റകുറ്റപണികൾ സമയബന്ധിതമായി നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | വാർഡന്മാരുടെ അഭാവമുണ്ടോ എന്നും ആവശ്യത്തിന് ഫർണ്ണിച്ചറുകൾ ലഭ്യമാണോ എന്നും വ്യക്തമാക്കുമോ ; ട്യൂഷൻ നൽകുന്നതിന് അധ്യാപകരുണ്ടോ എന്നും അവരുടെ പ്രതിഫലം വർദ്ധിപ്പിക്കുമോ എന്നും വ്യക്തമാക്കുമോ; വിദ്യാർത്ഥികളുടെ മെസ്സ് ഫീ, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുമോ; വ്യക്തമാക്കുമോ | (ബി) | സ്ഥിര വാർഡന്മാരുടെ അഭാവമുള്ള ഹോസ്റ്റലുകളിൽ എംപ്ലോയ്മെന്റിൽ നിന്നും താല്ക്കാലികമായി വാർഡന്മാരെ നിയമിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ഫർണിച്ചറുകൾ ലഭ്യമാണ്. പ്രീ-മെട്രിക് ഹോസ്റ്റലിൽ ട്യൂഷൻ നൽകുന്നതിന് അധ്യാപകരുണ്ട്. അവരുടെ പ്രതിഫലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>മെസ് ഫീ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പോക്കറ്റ് മണി പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് 100 രൂപയിൽ നിന്നും 130 രൂപയായും പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ 150 രൂപയിൽ നിന്നും 190 രൂപയായും 23/07/2016-ന് വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വാർഡൻമാരുടെ ഒഴിവുകൾ ഉള്ള സ്ഥലങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനാൽ വാർഡൻമാരുടെ അഭാവമില്ല. എല്ലാ ഹോസ്റ്റലുകളിലും ഫർണിച്ചറുകൾ ആവശ്യത്തിന് ലഭ്യമാണ്. എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളി ലും ട്യൂഷൻ നൽകുന്നതിന് പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനം ലഭ്യമാണ്. 31/01/2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 09/2016 പജപവവിവ പ്രകാരം ട്യൂട്ടർമാരുടെ ഹോണറേറിയം 1500 രൂപയിൽ നിന്നും 5500 രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടു ണ്ട്. പോക്കറ്റ് മണി 190 രൂപയിൽ നിന്നും 50% വർദ്ധിപ്പിക്കുന്നതിനായി പ്രൊപ്പോസൽ പരിഗണനയിലാണ്. |
| (സി) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിനായി ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഇവിടെ നിന്നും പരീക്ഷ യോഗ്യത നേടിയവർ എത്ര; വ്യക്തമാക്കുമോ? | | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി എന്ന സ്ഥാപനം പ്രവർത്തിച്ച വരുന്നു. 2002 മുതൽ 2016 വരെ 12 പേർ വിവിധ സിവിൽ സർവ്വീസുകൾ നേടിയിട്ടുണ്ട്. പരീക്ഷാ യോഗ്യത നേടിയവരുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു |

സെക്ഷൻ ഓഫീസർ

# INSTUTUTE FOR CIVIL SERVICES EXAMINATION SOCIETY (ICSETS)

## ROLL OF HONOUR

| Sl No | Year | Name | Services |
|---|---|---|---|
| 1 | 2002 | V.K.PRASANTH | IRS |
| 2 | 2003 | K.SETHURAMAN | IPS |
| 3 | 2003 | ANILKUMAR | IRTS |
| 4 | 2004 | K.K.SUJA | IRTS |
| 5 | 2005 | SAJU SURENDRAN | IES |
| 6 | 2010 | LAINA BALAN | IRS |
| 7 | 2010 | PRADEEP K S | IFoS ** |
| 8 | 2010 | VISMIJU VISWANATH | IFoS ** |
| 9 | 2011 | MIDHUN T.R | IFS |
| 10 | 2012 | Dr.LILLY.G | IFS |
| 11 | 2016 | MIDHUN V SOMARAJ (2010-11 Batch) | IRTS |
| 12 | 2016 | VIJEESH KUMAR T.G (2007-08 Batch) | IRS (Central Excise & Customs |

**IRS** : **Indian Revenue Service**

**IPS** : **Indian Police Service**

**IES** : **Indian Economics Service**

**IRTS** : **Indian Railway Traffic Service**

****IFoS** : **Indian Forest Service**

**IFS** : **Indian Foreign Service**